പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 511 **13-10-2026-ൽ മറുപടിയ്ക്ക്**

ആലത്തൂർ മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) വ്യവസായ വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ ഗുണഭോക്താക്കളുടെ എണ്ണവും അനുവദിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

മറുപടി: വ്യവസായ വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച സഹായം രൂപയിൽ
1	PMFME	55	9646866
2	ESS	4	5095771
3	OFOE	40	557123
4	PMEGP	139	31856153
5	MMG NANO	14	3832018
6	MSME INSURANCE	39	63765

(ബി) യുവജനങ്ങൾക്കിടയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതിനായി കൂടുതൽ തുക മാറ്റിവച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മറുപടി: നിലവിലുള്ളതും മേൽ പരാമർശിച്ചതുമായ പദ്ധതികൾ തുടർന്നും നടപ്പിലാക്കി വരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും, നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക്, അനുമതി ലഭ്യമാക്കുന്നതിനും ധനസഹായം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ